**വിവരാവകാശം/മറുപടി**

നമ്പർ: C1/17900/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി : 11.01.2019
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്

ശ്രീ. ബിജിൻ മാത്യു
മുരുപ്പേൽ ഹൗസ്, നീലിപിലാവ് P.O,
കട്ടച്ചിറ, പത്തനംതിട്ട

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് – സംബന്ധിച്ച്.

സൂചന : താങ്കളുടെ 12.12.2018 തീയതിയിലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

----------------------------------

സൂചന പ്രകാരമുള്ള വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

എ) "കുറ്റവാളികൾ ഇല്ലാത്ത കേരളം" എന്ന സാമൂഹ്യ നീതി വകുപ്പിന്റെ പദ്ധതി എനിക്ക് എങ്ങനെയാണ് പ്രയോജനപ്പെടുക?

"കുറ്റവാളികളില്ലാത്ത കേരളം" എന്നത് വിവിധ പദ്ധതികൾ രൂപീകരിക്കാനുള്ള ഒരു ശില്പശാലയായിരുന്നു. ബന്ധപ്പെട്ട പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

ബി) "കുറ്റവാളികൾ ഇല്ലാത്ത കേരളം" എന്ന പദ്ധതിയിൽ ഉൾപ്പെട്ട് എനിക്ക് ജയിൽ മോചിതനാകുവാൻ കഴിയുമോ?

പദ്ധതി രൂപീകരണം പൂർത്തിയായിട്ടില്ല

സി) ദീർഘ നാളത്തെ ശിക്ഷ അനുഭവിച്ച കഴിഞ്ഞ എനിക്ക് ഈ പദ്ധതി പ്രകാരം ഗവൺ മെന്റിന് പൊതുമാപ്പ് നൽകി എന്നെ ജയിൽ മോചിതനാക്കുവാൻ കഴിയുമോ?

നേരത്തെ വിട്ടതൽ, മാപ്പ് നൽകൽ തുടങ്ങിയവ ആഭ്യന്തര വകുപ്പിൻെറ പരിഗണനയിൽ വരുന്ന കാര്യമാണ്. ജയിലിൽ നിന്നും പുറത്തിറങ്ങിയതിന ശേഷമുള്ള പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മാത്രമേ വകുപ്പിന ഇടപെടാൻ കഴിയൂ.

ഡി) ജീവപര്യന്തം ശിക്ഷാ തടവുകാരുടെ മോചനത്തിന് ഭരണഘടനയുടെ 161-ാം വകുപ്പ് പ്രകാരം പൊതുമാപ്പ് നൽകി വിട്ടയയ്ക്കുവാൻ സംസ്ഥാന ഗവർണർക്ക് അധികാരമുണ്ട്. അതുപോലെ Crpc 432-ാം വകുപ്പ് പ്രകാരം ശിക്ഷയിളവു ചെയ്തു വിട്ടയയ്ക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. ടി വകുപ്പുകൾ എന്റെ മോചനത്തിന വേണ്ടി പ്രായോഗിക്കുന്നതിനായി സാമൂഹിക ക്ഷേമ വകുപ്പിന ഗവർണറോടോ, ഗവൺമെന്റിനോടോ ശുപാർശ ചെയ്യുവാൻ കഴിയില്ലേ?

നിലവിൽ അതിന വ്യവസ്ഥയില്ല.

**അപ്പീൽ അധികാരിയുടെ വിലാസം താഴെ കൊടുക്കുന്നു.**

ശ്രീമതി. ഗീത കെ
അപ്പീൽ അധികാരി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ,
അഞ്ചാം നില, പി.എം.ജി, തിരുവനന്തപുരം

വിശ്വസ്തതയോടെ

ശ്രീ.സുഭാഷ് കുമാർ കെ വി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്